# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1655 — 31/01/2018-ൽ മറുപടിയ്ക്ക്

## ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ; | (എ) | നഗരസഭ KURDFC യിൽ നിന്നും വായ്പ ലഭ്യമാക്കിയിട്ടാണ് പ്രവൃത്തി നടത്തുന്നത്. ആയതിനാൽ സർക്കാരിൽ നിന്നും പ്രത്യേകമായി സഹായം ആവശ്യപ്പെടുകയോ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. |
| (ബി) | പ്രസ്തുത ബസ് സ്റ്റാന്റ് സമയബന്ധിതമായി പണി കഴിപ്പിക്കുന്നതിന് സഹായകമാവുന്ന വിധത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) & (സി) | KURDFC യിൽ നിന്നും വായ്പ ലഭിക്കുന്നതിൽ വന്ന കാലതാമസമാണ് സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കഴിയാതെ വന്നിട്ടുള്ളത്. ഇപ്പോഴും KURDFC യിൽ നിന്നും വായ്പാ തുക ലഭിച്ചിട്ടില്ലാത്തതും ആയതിനാൽ പ്രവൃത്തികൾ തുടർന്ന് നടത്തുന്നതിന് സാധിച്ചിട്ടില്ലാത്തതുമാണ്. തുക അനുവദിച്ചാൽ അന്നേദിവസം മുതൽ 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാമെന്ന് കരാറുകാരൻ സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതാണ്. വായ്പ തുക ലഭ്യമാക്കുന്ന മുറയ്ക്ക് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (സി) | ഇതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ